‘ഭരണഭാഷ – മാതൃഭാഷ’

KERALA PRISONS

Government of Kerala

സൂപ്രണ്ട് കാര്യാലയം
ബോസ്റ്റൽ സ്കൂൾ,
എറണാകുളം
തീയതി : 10/02/2025
Phone:0484 2421366
E-mai-bs.ekm.prisons@kerala.gov.in

കേരള പ്രിസൺസ് ആന്റ്
കറക്ഷണൽ സർവ്വീസസ്

നം. KPCS/BS/EKM/17/2025-E

# സർക്കാർ വിജ്ഞാപനം

## കേരള പ്രിസൺസ് ആന്റ് കറക്ഷണൽ സർവ്വീസസ് വകുപ്പ്

## ദർഘാസ് പരസ്യം

വിഷയം – ബോസ്റ്റൽ സ്കൂൾ എറണാകുളം – 2025– 2026സാമ്പത്തിക വർഷം എറണാകുളം ബോസ്റ്റൽ സ്കൂളിലേക്ക് ഗാർഹിക പാചകവാതക സിലണ്ടറുകള് വിതരണം ചെയ്യുന്നതിന് ദർഘാസ്ക്ഷണിക്കുന്നത് സംബന്ധിച്ച്.

സൂചന – 1) ജയിലാസ്ഥാനകാര്യാലയ ഉത്തരവ് നം. P5-37116/2024/PrHQ. തീയതി 31/12/2024

സൂചന1 ഉത്തരവിലെ നിർദ്ദേശ പ്രകാരം 2026-2025 സാമ്പത്തിക വർഷം എറണാകുളം ബോസ്റ്റൽ സ്കൂളിലേക്ക് ഗാർഹിക പാചക വാതക സിലണ്ടറുകൾ വിതരണം ചെയ്യുന്നതിന് സൂചന (1) പ്രകാരം ദർഘാസ് ക്ഷണിക്കുന്നു. ആകയാൽ എറണാകുളം ബോസ്റ്റൽ സ്കൂളിലേക്ക് 2026-2025 സാമ്പത്തിക വർഷം ഗാർഹിക പാചക വാതക സിലിണ്ടർ വിതരണം ചെയ്യുന്നതിന് അംഗീകൃത ഗ്യാസ് ഏജൻസികളിൽ നിന്നും മുദ്രവച്ച ദർഘാസ് ക്ഷണിച്ചുകൊള്ളുന്നു .പ്രതിമാസം ശരാശരി 40 ഗാർഹിക സിലിണ്ടറുകൾ ആവശ്യമായി വരുന്നതാണ് .ദർഘാസിൽ ഗാർഹിക സിലിണ്ടർ ഒന്നിന് ഡിസ്കൌണ്ട് ഇനത്തിൽ നൽകേണ്ട തുക ശതമാനത്തിൽ/തുകയിൽ രേഖപ്പെടുത്തേണ്ടതാണ്. മുദ്രവെച്ച ദർഘാസ് കവറിന് മുകളിൽ ദർഘാസ് നമ്പരും പേരും എഴുതി സൂപ്രണ്ട്, ബോസ്റ്റൽ സ്കൂൾ, കാക്കനാട്, CSEZ പി.ഓ, എറണാകുളം, പിൻ-682037 എന്ന വിലാസത്തിൽ നൽകേണ്ടതാണ്.

| | |
|---|---|
| ദർഘാസ് നമ്പർ | D-5/2025/SJ/EKM KPCS |
| ദർഘാസ് ഫോമിന്റെ തുക | 500 + 12 % GST |
| ഡ്യൂപ്ലിക്കേറ്റ് ദർഘാസ് ഫോമിന്റെ തുക | 250 + 12 % GST |
| ദർഘാസ് ഫോം ലഭിക്കുന്ന സ്ഥലം | സൂപ്രണ്ട്<br>ബോസ്റ്റൽ സ്കൂൾ,<br>കാക്കനാട്, എറണാകുളം |
| ദർഘാസ് ഫോം വിതരണം തുടങ്ങുന്ന തീയതി | 10-02-2025 |
| ദർഘാസ് ഫോം വിൽക്കുന്ന അവസാന തീയതിയും സമയവും | 21-02-2025 പകൽ 3.00 മണിവരെ |
| ദർഘാസ് തുറക്കുന്ന തീയതിയും സമയവും | 21-02-2025 പകൽ 4 മണിക്ക് |
| പാചക വാതകം വിതരണം ചെയ്യുന്നതിനുള്ള കാലാവധി | 2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെ |
| അടങ്കൽ തുക | 499999/- |

ഏറ്റവും കുറവ് രേഖപ്പെടുത്തിയ ദർഘാസ് ജയിൽ ആസ്ഥാനകാര്യാലയത്തിൽ നിന്നുള്ള അംഗീകാരത്തിന് വിധേയമായി ഉറപ്പിച്ച് നൽകുന്നതാണ് .ദർഘാസ് ഫോമിന് നൽകിയ വില യാതൊരു കാരണവശാലും മടക്കി നൽകുന്നതല്ല .ദർഘാസ് ഫോം കൈമാറാൻ പാടുള്ളതല്ല .ദർഘാസ് ഫോം VPP ആയി അയക്കുകയോ ചെക്ക് പോസ്റ്റേജ് സ്റ്റാമ്പ് മുതലായവ ഫോമിന്റെ വിലയായി സ്വീകരിക്കുകയോ ചെയ്യുന്നതല്ല.

<u>നിബന്ധനകൾ</u>

പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ എറണാകുളം ബോസ്റ്റൽ സ്കൂൾ സൂപ്രണ്ട് കാര്യാലയത്തിലെ ടെണ്ടറിലെ വ്യവസ്ഥകൾ കൈപ്പറ്റേണ്ടതും അതിലെ വ്യവസ്ഥകൾ പൂർണ്ണമായി അംഗീകരിക്കുന്നതായി രേഖപ്പെടുത്തി സമ്മതപത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ ഏല്പിക്കേണ്ടതാണ്.

ടെണ്ടറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ നിരത ദ്രവ്യമായി അടങ്കൽ തുകയുടെ 1 % അടക്കേണ്ടതാണ് .നിരദദ്രവ്യം അടച്ചാൽ മാത്രമേ ടെണ്ടറിൽ പങ്കെടുക്കുവാൻ പാടുള്ളു .പ്രസ്തുത ടെണ്ടറിൽ വിജയിക്കാത്തവരുടെ നിരദദ്രവ്യം അപ്പോൾ തന്നെ തിരിച്ചുനൽകുന്നതാണ്.

ഏറ്റവും കുറവ് തുകക്ക് ടെണ്ടർ വിളിച്ച വ്യക്തി സ്വമേധയാ അത് പിൻവലിക്കുവാൻ പാടുള്ളതല്ല .ടെണ്ടർ നടത്തിയ തീയതി മുതൽ 30 ദിവസത്തിനകം ബഹു.ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് ആന്റ് കറക്ഷണൽ സർവ്വീസസ് അവർകളുടെ ഉത്തരവിന് വിധേയമായി ടെണ്ടർ സ്ഥിരപ്പെടുത്തി ഉത്തരവ് നൽകുന്നതാണ്.

നിയമപ്രകാരം അധികാരപ്പെടുത്തിയിട്ടുണ്ടെങ്കിൽ മാത്രമേ ഒരാൾക്ക് മറ്റൊരാളെ പ്രതിനിധീകരിച്ച് ടെണ്ടറിൽ പങ്കെടുക്കുവാൻ അനുവാദം ഉണ്ടായിരിക്കുകയുള്ളു .അപ്രകാരം നിയമപരമായി

അധികാരപ്പെടുത്തൽ അംഗീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഉള്ള അധികാരം ടെണ്ടർ നടത്തുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും.

ടെണ്ടർ നടത്തിപ്പ് , വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച് എന്തെങ്കിലും തർക്കം ഉണ്ടായാൽ ടെണ്ടർ നടത്തുന്ന ബന്ധപ്പെട്ട ഓഫീസറുടെ തീരുമാനം അന്തിമമായിരിക്കും.

ടെണ്ടർ പ്രകാരമുള്ള പാചക ഗ്യാസ് വിതരണം ചെയ്ത് ബില്ല് സമർപ്പിക്കുന്ന മുറക്ക് ബില്ലിൽ രേഖപ്പെടുത്തിയ തുക മദ്ധ്യമേഖലാ ഡി.ഐ.ജി ഓഫീസിൽ നിന്നുമുള്ള അംഗീകാരത്തോടെ ട്രഷറി മുഖേന സ്ഥാപനത്തിന്റെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകുന്നതാണ്.

ജയിലിൽ നിന്നും ആവശ്യപ്പെടുന്ന എണ്ണത്തിൽ മുടക്കം കൂടാതെ ഗാർഹിക പാചക വാതക സിലിണ്ടർ ജയിലിൽ എത്തിക്കേണ്ടതാണ്.

അജു ആർ.വി

സൂപ്രണ്ട്
ബോസ്റ്റൽ സ്കൂൾ, എറണാകുളം

നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തുന്നതിന്

1. സർക്കാർ ഗസറ്റ്ജയിലാസ്ഥാന കാര്യാലയം മുഖാന്തിരം
.2നഗരസഭാ കാര്യാലയം, തൃക്കാക്കര
3. താലൂക്ക് ഓഫീസ്, കണയന്നൂർ
4. വില്ലേജ് ഓഫീസ് തൃക്കാക്കര,
5. ജയിൽ മെയിൻ ഗേറ്റ്

പകർപ്പ് സമർപ്പണം

ബഹു .ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് ആൻറ് കറക്ഷണൽ സർവ്വീസസ്, ജയിലാസ്ഥാന കാര്യാലയം, തിരുവനന്തപുരം -12
ഉപരിപത്രം സഹിതം
പകർപ്പ് -കരുതൽ ശേഖരം/ബന്ധപ്പെട്ട ഫയൽ

OFFICE OF THE SUPERINTENDENT, BORSTAL SCHOOL
THRIKKAKARA